മാതൃഭൂമി

27 June 2018

# സമുദ്രമത്സ്യോത്പാദനം കേരളം മൂന്നാംസ്ഥാനത്ത്

- രാജ്യത്തെ രണ്ടാമത്തെ ഏറ്റവും മികച്ച സമുദ്രമത്സ്യോത്പാദനം
- മത്തി മുൻവർഷത്തെക്കാൾ മൂന്നുമടങ്ങ് വർധിച്ചു

സമുദ്ര മത്സ്യോത്പാദനത്തിൽ കേരളം മൂന്നാംസ്ഥാനത്തെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) വാർഷിക പഠന റിപ്പോർട്ട്. ഇന്ത്യയുടെ ചരിത്രത്തിലെ രണ്ടാമത്തെ ഏറ്റവും മികച്ച സമുദ്രമത്സ്യോത്പാദനമാണ് ഇത്തവണത്തേതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കഴിഞ്ഞ വർഷത്തെക്കാൾ 12 ശതമാനം വർധനയാണ് മത്സ്യലഭ്യതയിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിൽ ഉത്പാദനം വൻതോതിൽ കുറഞ്ഞ മത്തിയുടെ വർധനയാണ് കേരളത്തെ മൂന്നാം സ്ഥാനത്തേക്കെത്തിച്ചത്. ഒന്നാംസ്ഥാനത്ത് ഗുജറാത്തും രണ്ടാം സ്ഥാനത്ത് തമിഴ്നാടുമാണ്.

കഴിഞ്ഞ വർഷത്തെക്കാൾ മൂന്നുമടങ്ങാണ് മത്തിയുടെ ഉദ്പാദനം വർധിച്ചത്. 1.7 ലക്ഷം ടൺ. 2016-ൽ 45,000 ടൺ മാത്രമായിരുന്നു മത്തി ലഭ്യത. 2012-ന് ശേഷം ആദ്യമായാണ് മത്തിയുടെ ലഭ്യതയിൽ വർധനയുണ്ടാകുന്നത്.

സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ് വിഭാഗമാണ് കണക്കുകൾ തയ്യാറാക്കിയത്.

## സമുദ്രമത്സ്യലഭ്യതയിൽ വർധന

ദേശീയതലത്തിൽ സമുദ്രമത്സ്യ ലഭ്യതയിൽ കഴിഞ്ഞവർഷം വൻവർധനയുണ്ടായി. 5.6 ശതമാനം വർധന. 38.3 ലക്ഷം ടൺ സമുദ്രമത്സ്യമാണ് ഇന്ത്യയിലാകെ ലഭിച്ചത്. 2012-ന് ശേഷമുള്ള ഏറ്റവും വലിയ അളവാണിത്. തമിഴ്നാട്, കേന്ദ്രഭരണ പ്രദേശങ്ങളൊഴികെ എല്ലാ തീരദേശ സംസ്ഥാനത്തിലും മത്സ്യലഭ്യതയിൽ വർധനവുണ്ടായി.

## കേരളം ദിവസം കഴിക്കുന്നത് 2500 ടൺ മീൻ

കേരളത്തിൽ ദിവസം കഴിക്കുന്നത് 2500 ടൺ മത്സ്യം. ഇവിടെ ഉദ്പാദിപ്പിക്കുന്ന മത്സ്യം ഈ ആവശ്യത്തിന് തികയുന്നില്ല. അതിനാൽ തന്നെ 1000 ടൺ മത്സ്യം പുറത്തുനിന്നും ഇവിടേക്ക് എത്തുന്നു. മത്സ്യം ദൂരസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുമ്പോൾ ഒരു കിലോ മീനിന് ഒരു കിലോ ഐസ് എന്ന കണക്കിലാണ് ഉപയോഗിക്കേണ്ടത്. മറ്റ് രാസവസ്തുക്കളൊന്നും അനുവദനീയമല്ലെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

